ശമാണ്. ഗവേഷകൻമാർക്ക് വളരെയേറെ പഠിക്കാനുള്ള പ്രദേശമാണ്. ആ പാണ്ഡവൻപാറ തന്നെയാണോ ചെങ്ങന്നൂരിലുള്ളതെന്നു പരിശോധിച്ചു മനസ്സിലാക്കിയ ശേഷം അതിനെപ്പറ്റി പറയാം.

3 (*287) **കഥകളി, ഓട്ടൻതുള്ളൽ, ഡാൻസ് മുതലായവ പഠിപ്പിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾക്ക് ഗ്രാന്റ്**

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. ബാബു :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥകളി, ഓട്ടൻതുള്ളൽ, ഡാൻസ് മുതലായവ പഠിപ്പിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾക്ക് ഗവണ്മെന്റിൽ നിന്നും ഗ്രാന്റ് നൽകി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾക്ക് ഗ്രാന്റു നൽകുന്നു;

(സി) ഇവയ്ക്ക് ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് ഇപ്പോൾ ഗ്രാന്റ് നൽകാത്ത പക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) വർഷംതോറും ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഗ്രാന്റ് നൽകിവരുന്നു. ഓരോ വർഷവും ഇത്തരത്തിലുള്ള പത്തിൽ കൂടുതൽ സാംസ്ക്കാരിക സംഘടനകൾക്ക് സർക്കാരിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. 1998-'99 സാമ്പത്തികവർഷത്തിൽ പ്ലാൻ ഇനത്തിൽ നിന്നും 9 സ്വകാര്യ സ്ഥാപനങ്ങൾക്കും നോൺ പ്ലാൻ ഇനത്തിൽ ഒരു സ്വകാര്യസ്ഥാപനത്തിനും ധനസഹായം നൽകിയിട്ടുണ്ട്. ആവർത്തന ഗ്രാന്റ് ഇനത്തിൽ 15.70 ലക്ഷം രൂപയും അനാവർത്തന ഗ്രാന്റ് ഇനത്തിൽ 5.70 ലക്ഷം രൂപയും 1998-99 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്.

(സി) ടി സംഘടനകൾക്ക് അവയുടെ പ്രവർത്തനശൈലി വിലയിരുത്തിയും സാംസ്ക്കാരിക രംഗങ്ങളിൽ അവയുടെ സംഭാവനകൾ പരിഗണിച്ചുമാണ് ധനസഹായം നൽകിവരുന്നത്. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അനാവർത്തന ഗ്രാന്റ് നൽകുന്നതിന് പൊതുവായ മാനദണ്ഡവും മാർഗ്ഗരേഖയും നിർദ്ദേശിക്കുന്നതിനും വാർഷിക ധനസഹായം ലഭിച്ചുവരുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായം തുടർന്ന് നൽകുന്ന കാര്യം പുനഃപരിശോധിക്കുന്നതിനും വാർഷിക ആവർത്തി ധനസഹായത്തിന് അപേക്ഷിക്കുന്ന പുതിയ സ്ഥാപനങ്ങളുടെ യോഗ്യതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. സാംസ്ക്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നുവെന്ന് പ്രത്യക്ഷബോധമുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കേണ്ടത്. പേരിലോ ഘടനയിലോ ജാതിമത വേർതിരിവ് കാണിക്കുന്ന സംഘടനകൾക്ക് സഹായം നൽകരുത്. ഇൻഡ്യൻ ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ധനസഹായം ലഭിക്കുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുത്.

2. ലാഭോദ്ദേശം വച്ച് പ്രവർത്തിക്കുന്ന സംഘടനകളെ ധനസഹായപദ്ധതിയിൽ നിന്നൊഴിവാക്കണം. തുടർച്ചയായി ടിക്കറ്റ് വച്ച് കലാപരിപാടികൾ നടത്തുന്നവയും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ച് ചെലവു നടത്തുന്നവയുമായ സ്ഥാപനങ്ങളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കാവുന്നതാണ്. സ്ഥാപനത്തിന്റെ അച്ചടക്കത്തിന്റെയും മറ്റും ഭാഗമായി നാമമാത്രമായ ഫീസ് പിരിക്കണമെന്നുള്ളവർക്ക് അക്കാര്യത്തിൽ സാംസ്ക്കാരിക വകുപ്പിന്റെ അനുവാദം വാങ്ങാവുന്നതാണ്.

3. രജിസ്റ്റർ ചെയ്ത രണ്ടു വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുൻപൊരിടത്തുനിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകണം.

4. നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധസംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണം. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകാം. എന്നാൽ കലകളുടെ അവതരണം അത്തരം പഠനഗവേഷണങ്ങളുടെ അനിവാര്യഭാഗമായിരിക്കണം.

5. സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്ക്കാരത്തിന് മുന്നോട്ടുവരുന്ന സന്നദ്ധസംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയ്ക്കനുസരിച്ച് ധനസഹായം നൽകാവുന്നതാണ്. നൽകുന്ന ധനസഹായത്തിന്റെ പരിധി സംബന്ധിച്ചിട്ടുള്ള ഈ കുറിപ്പിൽ അന്യത്ര ചേർത്തിട്ടുള്ള നിബന്ധനകൾ അത്തരം സഹായങ്ങൾക്കും ബാധകമായിരിക്കും.

6. ഉത്തരവാദപ്പെട്ട ഒരു സന്നദ്ധസംഘടന ഒരനുസ്മരണ പരിപാടിക്കോ, ചരമവാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാ സാംസ്ക്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി 5000 രൂപ മുതൽ 25,000 രൂപ വരെ അനാവർത്തന ധനസഹായം നൽകാവുന്നതാണ്.

7. അഞ്ചു വർഷത്തിനുള്ളിൽ മൂന്നുതവണ മാത്രമേ ഒരു സംഘടനയ്ക്കിത്തരം ഗ്രാന്റ് അനുവദിക്കാവൂ.

8. ഒരു സംഘടനയ്ക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകേണ്ടതില്ല.

9. ജില്ലാ പഞ്ചായത്ത് ഭരണസമിതികൾ ഏകകണ്ഠമായി ശുപാർശചെയ്യുന്ന സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്ക്കാരിക പ്രവർത്തന പദ്ധതിക്കോ, മറ്റ് നിബന്ധനകൾക്ക് വിധേയമായി 25,000 രൂപ വരെ ധനസഹായം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

10. കലാസാംസ്ക്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ, ചിത്രകലാപ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ ജനകീയ മായ അനുഷ്ഠാനകലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് 2500 രൂപ മുതൽ പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കാവു ന്നതാണ്.

11. ഒരു സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് സമിതി യുടെ ശുപാർശയനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ സെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ് ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം വേണ മെന്ന് ആവശ്യപ്പെടാം. മുനിസിപ്പൽ/കോർപ്പറേഷൻ/പ്രദേശങ്ങളിലെ അപേ ക്ഷയോടൊപ്പം മുനിസിപ്പൽചെയർമാൻ/കമ്മീഷണർ/ തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

12. അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ടു മാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തോടു കൂടെ, ഹാജരാക്കേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും അനാവർത്തന ഗ്രാന്റ് നൽകേണ്ടതില്ല.

13. 3000 രൂപയ്ക്കുമേൽ അനാവർത്തന ഗ്രാന്റ് വാങ്ങിയ സംഘടനകൾ വീണ്ടും അപേക്ഷിക്കുമ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊന്നിച്ച് വയ്ക്കേണ്ട താണ്.

14. ഏതെങ്കിലും ഒരു പരിപാടിയെയോ ആഘോഷത്തെയോ അനുസ്മ രണ പരിപാടിയേയോ ആസ്പദമായി അനാവർത്തന ഗ്രാന്റ് നൽകുമ്പോൾ സംഖ്യ തീരുമാനിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ അത്തരം പരിപാ ടികളെ

1. പ്രാദേശിക പ്രാധാന്യമുള്ളത്,

2. സംസ്ഥാനതല പ്രാധാന്യമുള്ളത്,

3. സംസ്ഥാനേതര പ്രാധാന്യമുള്ളത് എന്നിങ്ങനെ വേർതിരിക്കാവുന്ന താണ്.

(ഡി) ഉദിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : ഇതെല്ലാം ഗവണ്മെന്റ് അംഗീകരിച്ചതാണോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഇതു ഗവണ്മെന്റിനു കിട്ടിയിട്ടുള്ള ശുപാർശകളാണ്. അതിനെ ബേസ് ചെയ്താണ് ഞങ്ങൾ പ്രവർത്തിക്കുന്നത്.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഇവിടെ ബഹുമാനപ്പെട്ടമന്ത്രി നൽകിയ മറുപടിയിൽ വാർഷിക ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥാപന ങ്ങൾക്കും ആവർത്തി ധനസഹായത്തിനും ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, എം.എൽ.എ. അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയുടെ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ ഇൻഡ്യൻ ഭരണഘടന അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി രാഷ്ട്രീയ സംഘടനകൾക്ക് ഗവണ്മെന്റിൽ നിന്നും ധനസഹായം നൽകുന്നതിനുകൂടി സഹായിക്കുന്ന ഒരു ഭാഗമാണ് അതിൽ ചേർത്തിരിക്കുന്നത്. അതുകൊണ്ട് ബോധപൂർവ്വം രാഷ്ട്രീയം ഒഴിവാ ക്കുകയാണ്. അതുപോലെതന്നെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്ക്കരണത്തിന്, അത് ചില ചവിട്ടു നാടകങ്ങളെ സഹാ

LIBRARY ARCHIVES Kerala Legislative Assembly

യിക്കുന്നതിനുവേണ്ടിയാണ്. അതുപോലെതന്നെ ചരമ വാർഷികത്തിന് 5,000 മുതൽ 25,000 രൂപവരെ സ്വകാര്യ സംഘടനകൾക്ക് ധനസഹായം നൽകാമെന്ന വ്യവസ്ഥ, ഇതുമൂന്നും രാഷ്ട്രീയ പ്രേരിതമായ രാഷ്ട്രീയക്കാരനായ ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ചെയർമാനായിട്ടുള്ള കമ്മിറ്റി എഴുതി ചേർത്തതാണ്. എന്തിനാണ് സ്വകാര്യ സംഘടനകൾക്ക് ചരമവാർഷികത്തിന് ഗവണ്മെന്റിൽ നിന്നും ധനസഹായം നൽകുന്നത്? ഇത് രാഷ്ട്രീയ പ്രേരിതമാണ്. അതുകൊണ്ട് ഈ ഭാഗം ഒഴിവാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, രാഷ്ട്രീയത്തിനതീതനായ സർവ്വ സംഗപരിത്യാഗിയായ ഒരു മെമ്പറെ ഇവിടെ കണ്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. രാഷ്ട്രീയമില്ലാത്ത ആളാണോ മി. വിജയകുമാർ? ഇതിൽ അത് പറഞ്ഞിട്ടില്ല. ശ്രീ. വിജയകുമാറിന്റെ മസ്തിഷ്ക്കത്തിലുദിച്ച ഒരാശയമാണ് ഈ പറഞ്ഞത്. ഇതിൽ പറഞ്ഞിട്ടുള്ളത് മതപരമോ ജാതീയമോ ആയ സംഘടനകൾക്ക് കൊടുക്കാൻ പാടില്ലായെന്നാണ്. രാഷ്ട്രീയത്തെപ്പറ്റി ഇവിടെ സംസാരിച്ചിട്ടേയില്ല. ചരമവാർഷികം അത് ഏതെങ്കിലുമൊരാളുടെ ചരമവാർഷികമല്ല. ഞാനോ വിജയകുമാറോ മരിച്ച ചരമ വാർഷികത്തിന് കൊടുക്കാനുമല്ല. ഇത് പ്രസിദ്ധരായിട്ടുള്ള കലാകാരൻമാർ, പി.കെ. പരമേശ്വരൻ നായർ മരിക്കുന്നതിനുമുമ്പ് 10,000 രൂപ അദ്ദേഹത്തിന്റെ വീട്ടിൽ കൊണ്ടുപോയി ഞാൻ കൊടുത്തു. ഏതാണ്ട് ആസന്നമരണനായി കിടക്കുന്ന ഒരു കലാകാരന് ധനസഹായം ചെയ്തിട്ടുണ്ട്. അതെല്ലാം ചെയ്യേണ്ട ചുമതല കടമ്മനിട്ട കമ്മിഷൻ റിപ്പോർട്ടിൽത്തന്നെയുള്ള ശുപാർശകളിൽ അടങ്ങിയിട്ടുണ്ട്. അതിനുമുമ്പും ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെ ക്രോഡീകരിച്ചിട്ടുള്ള ചില കാര്യങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. അത് രാഷ്ട്രീയമായി കൂട്ടിക്കുഴയ്ക്കേണ്ട കാര്യമില്ല.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഇതിനുപുറത്താണ് രാഷ്ട്രീയമായി കൂട്ടിക്കുഴയ്ക്കുന്നത്. ഇതിൽത്തന്നെ ജില്ലാ പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്നത് എന്നു പറയുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇതുപോലുള്ള സ്വകാര്യ സ്ഥാപനങ്ങൾ കെട്ടിടം നിർമ്മിക്കുമ്പോൾ, നമ്മുടെ ഗ്രാമങ്ങളിൽ ഇതുപോലുള്ള നിരവധി സ്വകാര്യ കലാ-സാംസ്ക്കാരിക സംഘടനകളുണ്ട്, അവ കെട്ടിടം നിർമ്മിക്കുമ്പോൾ നാട്ടുകാരിൽ നിന്നും പണം പിരിച്ചാണ് ഇന്നേവരെ കേരളത്തിൽ അത്തരം സംഘടനകൾ അത്തരം കെട്ടിടങ്ങൾ കെട്ടിയിട്ടുള്ളത്. അതിന് ഗവണ്മെന്റ് ചെറിയ തോതിൽ സഹായം കൊടുക്കും. ജില്ലാ പഞ്ചായത്തുകൾ അധികാരവികേന്ദ്രീകരണം കിട്ടി. അധികാരമുപയോഗിച്ച് ലക്ഷക്കണക്കിന് രൂപ ഇതുപോലുള്ള സാംസ്ക്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക്. ഇതുവരെ നാട്ടുകാരിൽ നിന്നും പണം പിരിച്ച് ചെയ്തിട്ടുള്ള ജോലികൾ, രാഷ്ട്രീയപ്രേരിതമായി ഗവണ്മെന്റിൽ നിന്നും പണം നൽകുന്നതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. അത്തരം സാഹചര്യത്തിൽ ഇതുപോലുള്ള സ്ഥാപനങ്ങൾക്ക്, ഞാൻ ആവർത്തിക്കുന്നു ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് രാഷ്ട്രീയപ്രേരിതമായി ധനസഹായം നൽകുന്ന, രാഷ്ട്രീയമായി മറ്റ് ആളുകളെ ആക്ഷേപിക്കുന്ന രീതിയിലുള്ള ചവിട്ടുനാടകങ്ങൾ അവതരിപ്പിക്കുക, ഇങ്ങനെയുള്ള രാഷ്ട്രീയപ്രേരിതമായ ആവശ്യങ്ങൾക്ക് ശ്രീ. കടമ്മനിട്ടയുടെ ലക്ഷ്യമൊന്ന്, എന്റെ ലക്ഷ്യം വേറൊന്ന് ഇത്തരത്തിൽ ഗവണ്മെന്റ് ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഏതായാലും ഇതൊന്ന് വ്യവഛേദിച്ച് തീരുമാനിക്കുന്നതുകൊള്ളാം, രാഷ്ട്രീയ പ്രേരിതം, രാഷ്ട്രീയമില്ലാത്ത ഒരു സന്യാസിയാണോ ശ്രീ. വിജയകുമാർ? രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയായി ഈ നിയമസഭയിലേക്കു വന്ന ഒരാൾക്ക് രാഷ്ട്രീയമില്ലേ? ഞാനിവിടെ വായിച്ചതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട് ലാഭോദ്ദേശം വച്ച് പ്രവർത്തിക്കുന്ന സംഘടനകൾക്ക് കൊടുക്കില്ല എന്ന്. എവിടെയെങ്കിലും ഏതെങ്കിലും സംഘടനയുടെ കാര്യം മനസ്സിലുണ്ടെങ്കിൽ ആ സംഘടനയുടെ കാര്യം പറഞ്ഞാൽ ഞാൻ അതിനെപ്പറ്റി അന്വേഷിപ്പിക്കാം. അല്ലാതെ രാഷ്ട്രീയം കാണിക്കരുത്, കുചേഷ്ട എന്നൊക്കെ ചില വാക്കുകൾ ഉദ്ധരിച്ച് ആളിനെ പറ്റിക്കാൻ നോക്കണ്ട.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ · സർ, ഇങ്ങനെയൊരു പ്രശ്നം ബഹുമാനപ്പെട്ട ബി. വിജയകുമാർ ഉന്നയിച്ചത് നന്നായി. എന്റെ ചുമതലയിലുള്ള ഒരു കമ്മിറ്റി ഒരു വർഷം മുമ്പ് ചില കാര്യങ്ങൾ ഇവിടെ ശുപാർശയായി കൊടുത്തിരുന്നു. അത് രാഷ്ട്രീയപ്രേരിതമായിട്ടല്ല. കുമാരനാശാന്റെ 125-ാമത് വാർഷികത്തിനുള്ള ഒരു സഹായധനം ആവശ്യപ്പെട്ടിരുന്നു. അതിന്റെ ചെയർമാൻ ഞാനാണ്. കുമാരനാശാന്റെ ചരമവാർഷികത്തിന് ധനസഹായം ആവശ്യപ്പെട്ടത് രാഷ്ട്രീയ പ്രേരിതമാണെന്ന് പറയുന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ സാംസ്കാരികമായ അവസ്ഥ ആലോചിച്ച് എനിക്ക് വിഷമമുണ്ട്. അത് തിരുത്താൻ എന്തെങ്കിലും നടപടി ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് മുഖ്യമായി പറയാനുള്ളത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, അത് തിരുത്താൻ ഒരു നടപടിയും സ്വീകരിക്കാൻ എനിക്ക് സാധ്യമല്ല. ഞാൻ എന്തു നടപടി സ്വീകരിച്ചാലും അത് പ്രയോജനപ്രദമാകുമെന്നുള്ള വിശ്വാസവും ഇല്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന്റെ ത്രസ്റ്റുണ്ടല്ലോ, ദയവായി അങ്ങത് മനസ്സിലാക്കണം. അങ്ങ് ഈ അസഹിഷ്ണുത കാണിക്കരുത്. മുഖ്യമന്ത്രിയുടെ സീറ്റിനടുത്തിരുന്ന് അങ്ങേയ്ക്കും ഇപ്പോൾ ചെറിയ അസുഖം തുടങ്ങിയിട്ടുണ്ട്. പെട്ടെന്ന് അങ്ങ് അസഹിഷ്ണുതനാകുന്നു, അത് പാടില്ല. അങ്ങ് ഞങ്ങളേക്കാൾ വളരെ സീനിയറാണ്. ബഹുമാനപ്പെട്ട ബി. വിജയകുമാർ ചോദിച്ചത് രാഷ്ട്രീയത്തിന് എതിരായിട്ടല്ല, രാഷ്ട്രീയ ബന്ധവും വിധേയത്വവും രാഷ്ട്രീയമായ അടിമത്തവുമുള്ള ചില സംഘടനകൾക്ക് ഗവണ്മെന്റിന്റെ ഭാഗത്ത് നിന്നും കൂടുതൽ സ്പോൺസറിംഗ് ഉണ്ടോ എന്നുള്ളതിനെപ്പറ്റി അദ്ദേഹം ഒരു ചോദ്യം ചോദിക്കുന്നത് തെറ്റാണോ? ശ്രീ. കടമ്മനിട്ട പഴയ കടമ്മനിട്ടയല്ല, അതുകൊണ്ടാണ്. പണ്ടുള്ള സാംസ്ക്കാരിക നായകനായ കടമ്മനിട്ടയെ ഞങ്ങൾ കാണുന്നില്ല. എല്ലാത്തിനകത്തും രാഷ്ട്രീയത്തിന്റെ അതിസങ്കുചിതമായ ഭാവങ്ങൾ കാണിക്കുന്ന കടമ്മനിട്ട എന്ന കവിയെ പഴയതുപോലെ കാണാൻ ഞങ്ങൾക്ക് സാധ്യമല്ലെന്നുള്ള കാര്യം ഞങ്ങൾ വിനയപുരസ്സരം പറയുന്നു. രണ്ടാമത്, ശ്രീ. കടമ്മിനിട്ട രാമകൃഷ്ണൻ അദ്ധ്യക്ഷനായിട്ടുള്ള ആ സമിതിയുടെ റിപ്പോർട്ട് ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്നുപറയണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, അത് പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞല്ലോ. ശ്രീ. ജി. കാർത്തികേയൻ എന്തിനാണ് അസ്വസ്ഥനാകുന്നത്? ലോക പ്രസിദ്ധമായിത്തീർന്ന ഒരു കാര്യത്തിൽ ഒരു അസ്വസ്ഥത ഇവിടെ പറഞ്ഞു. മഹാകഷ്ടമായിപ്പോയി. എന്താണെന്ന് ഞാൻ പറ

LIBRARY ARCHIVES Kerala Legislative Assembly

യേണ്ട ആവശ്യമുണ്ടോ? അധ:പതിക്കാൻ ഇനിയും താഴോട്ടു ഭൂമിയുണ്ട്, താഴോട്ട് സ്ഥലമുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, പാലക്കാടു ജില്ലയിൽ ജനിച്ച നമ്മുടെ മഹാനായ കുഞ്ഞൻ നമ്പ്യാരുടെ ജീവിതത്തിന്റെ പ്രധാന ഭാഗവും അന്ത്യഭാഗവും ചെലവഴിച്ച അമ്പലപ്പുഴയിൽ അദ്ദേഹത്തിന്റെ സ്മരണക്കായി ഗവണ്മെന്റിന്റെ തന്നെ ആഭിമുഖ്യത്തിലുള്ള കുഞ്ഞൻ നമ്പ്യാർ സ്മാരകനിലയമുണ്ട്. ഞാൻ അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. അവിടെത്തന്നെ അദ്ദേഹത്തിന്റെ മിഴാവൊക്കെ പ്രദർശിപ്പിച്ചിട്ടുണ്ട്. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം ഇപ്പോൾ പി.ഡബ്ല്യൂ.ഡി.യുടെ കൈവശമുള്ളത് കുഞ്ഞൻ നമ്പ്യാർ സ്മാരകത്തിന് അർഹതപ്പെട്ടതാണെന്നു കാണിച്ച് സമിതി അങ്ങേയ്ക്ക് നിവേദനം നൽകുകയും നാളിതുവരെ ആ സ്ഥലം സമിതിയെ ഏൽപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അവിടെ കുഞ്ഞൻ നമ്പ്യാരുടെ സ്മാരകമായി സ്മൃതി മണ്ഡപം പണിയുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച്, അങ്ങയുടെ മുമ്പിലുള്ള വളരെ ക്രിയേറ്റീവായിട്ടുള്ള നിർദ്ദേശത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കുമോ? അതൊരു സ്വകാര്യസ്ഥാപനമല്ല, ആ സ്മൃതി മണ്ഡപം കുഞ്ഞൻ നമ്പ്യാരുടെ അന്ത്യവിശ്രമ സ്ഥാനത്ത് പണിയാൻ അർഹമായ ധനസഹായം നൽകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഈയിടെ ഞാൻ തന്നെ അവിടെ സംഘടിപ്പിച്ച കുഞ്ഞൻ നമ്പ്യാരുടെ സ്മരണ നിലനിർത്തുന്ന ഒരു പ്രവർത്തനവുമായി ബന്ധപ്പെട്ട് നടന്ന പരിപാടിയിൽ ഈ കാര്യം പരാമർശിക്കപ്പെടുകയും ഗവണ്മെന്റ് ആവശ്യമായ നടപടികളെടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ തീർച്ചയായും മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

ശ്രീ. എ.കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മന്ത്രി കടമ്മനിട്ട കമ്മിഷന്റെ റിപ്പോർട്ട് ഇതുവരെ അംഗീകരിച്ചിട്ടില്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിക്കാൻ തയ്യാറായത് ജാതിയും മതവും രാഷ്ട്രീയവുമെല്ലാം നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്. ഏതായാലും ജാതിമത ചായ്വുള്ള സംഘടനകൾക്ക് ഗവണ്മെന്റിന്റെ സഹായം വേണ്ട എന്നു കടമ്മനിട്ട നിർദ്ദേശിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. അക്കൂട്ടത്തിൽ രാഷ്ട്രീയ ചായ്വുള്ള സംഘടനകൾക്കും കൂടി ഗവണ്മെന്റ് സഹായം വേണ്ടെന്ന ഒരു നിലപാട് സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാണോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ജാതീയവും മതപരവുമായിട്ടുള്ള കാര്യങ്ങൾക്കുള്ള സംഘടനകൾക്ക് സഹായം ചെയ്യാൻ പാടില്ലെന്നാണ് പറഞ്ഞത്. ജാതിക്കും മതത്തിനും അതീതമായിട്ടുള്ള, മതേതര ജനാധിപത്യ ഭൗതിക രാഷ്ട്രമെന്നുള്ള നമ്മുടെ ഭരണഘടനയുടെ ആണിക്കല്ല് അതിന്റെയടിസ്ഥാനത്തിലുള്ള ഒരു പരാമർശനമാണ് അദ്ദേഹം നടത്തിയത്. രാഷ്ട്രീയത്തെപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ട ആവശ്യമില്ല. രാഷ്ട്രീയ സംഘടനകളൊന്നും സാംസ്കാരിക സംഘടനകളുടെ സഹായത്തിന് അപേക്ഷിക്കാറുമില്ല. രാഷ്ട്രീയ സംഘടനകൾ ഇതുവരെയും അപേക്ഷിച്ചിട്ടില്ല. രാഷ്ട്രീയക്കാർ പ്രവർത്തിക്കുന്ന സംഘടന. അതു രാഷ്ട്രീയ സംഘടനയാണെന്നു പറയാമോ? ഓരോ പാർട്ടിയിൽപ്പെട്ട ആളുകൾ നേതൃത്വം കൊടുത്തു പ്രവർത്തിക്കുന്ന എത്രയോ സാംസ്ക്കാരിക സംഘടനകൾ ഇവിടെയുണ്ട്. ആ സംഘടനകൾ അപേക്ഷിച്ചാൽ സഹായം കൊടുക്കാതിരിക്കാൻ പറ്റുമോ? അത്രയേയുള്ളൂ. അതിന്റെ അതിർത്തി വരമ്പ് എത്രയോ ലോലമാണ്. രാഷ്ട്രീയമേത് അരാഷ്ട്രീയമേത് എന്നു തരംതിരിക്കാൻ പ്രത്യേകിച്ച് കേരളത്തിൽ സാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന കാര്യമാണോ? സാംസ്ക്കാരിക പ്രവർത്തനത്തോടുകൂടിയതാണ് നമ്മുടെ ദേശീയ പ്രസ്ഥാനം. കോൺഗ്രസ് തുടങ്ങിയ പ്രസ്ഥാനങ്ങൾ വരുന്നതിനുമുമ്പ് നവോത്ഥാന പ്രസ്ഥാനത്തിന്റെ സാംസ്ക്കാരിക നായകന്മാരുണ്ടാക്കിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിന്റെയും ഇന്ത്യയുടേയും ചരിത്രത്തിൽ വളരെ പ്രാധാന്യമുണ്ട്. അതുമായി ബന്ധപ്പെട്ട സാംസ്ക്കാരിക സംഘടനകൾ സഹായത്തിന് അഭ്യർത്ഥിച്ചാൽ കൊടുക്കേണ്ടതല്ലേ? അതേ ഗവണ്മെന്റ് ചെയ്യുന്നുള്ളൂ. ഏതെങ്കിലുമൊരു രാഷ്ട്രീയ സംഘടനയ്ക്ക് ധനസഹായം കൊടുത്തതായി ശ്രീ. വിജയകുമാർ തന്നെ ചൂണ്ടിക്കാണിക്കട്ടെ.

ശ്രീ. എൻ. അനിരുദ്ധൻ : കഥകളി പോലുള്ള പ്രശസ്തമായ കലാരൂപങ്ങളിൽ പ്രവർത്തിച്ച് ചിരപ്രതിഷ്ഠ നേടി ഇപ്പോൾ അവശരായി കഴിയുന്ന കലാകാരന്മാർക്ക് ഗവണ്മെന്റിൽ നിന്ന് ധനസഹായം നൽകുന്നതായി അറിയാൻ കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ സുപ്രസിദ്ധ കഥകളി നടൻ ചിറക്കര മാധവൻകുട്ടി അവശനായി കഴിയുന്ന ആളാണ്. അദ്ദേഹം അപേക്ഷ സമർപ്പിച്ചിരുന്നു. ആ അപേക്ഷയിന്മേൽ തീരുമാനമെടുത്തില്ലെന്നു കാണിച്ച് പരാതി സമർപ്പിച്ചിട്ടുണ്ട്. അത്തരം പരാതികൾ പരിഗണിക്കുകയും അതിന് അടിയന്തിരമായി പരിഹാരം കാണുകയും ചെയ്യുന്നതിന് ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇത്തവണ അപേക്ഷ ക്ഷണിച്ച തീയതി കഴിഞ്ഞതിനുശേഷവും വീണ്ടും തീയതി നീട്ടിക്കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ കഥകളി നടന്മാരും മറ്റും അപേക്ഷിക്കേണ്ടത് നമ്മുടെ കലാമണ്ഡലം വഴിയാണ്. അതുപോലെ സംഗീത നാടക അക്കാദമികളിൽ ബന്ധപ്പെട്ട കലാകാരന്മാർ അപേക്ഷിക്കേണ്ടതും അതു വഴിയാണ്. അതുവഴിക്കുള്ള ആയിരത്തിൽപ്പരം അപേക്ഷകൾ ശുപാർശ ചെയ്ത് നമ്മുടെ ഓഫീസിൽ വന്നിട്ടുണ്ട്. അങ്ങനെ ശുപാർശ ചെയ്ത് വരുന്ന അപേക്ഷകർക്ക് മുഴുവനും ധനസഹായം ചെയ്യുന്ന പതിവാണ് നമുക്കുള്ളത്. ആ ധനസഹായം മുമ്പത്തേക്കാളും കൂടുതൽ ഈ ഗവണ്മെന്റ് വന്നതിനുശേഷം നൽകുന്നുണ്ട്. അതു നൂറു രൂപ കൂടി വർദ്ധിച്ചിട്ടുണ്ട്.

4 (*288) സംസ്ഥാനത്തെ നദികളിൽ നിന്നും അന്യ സംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ട് പോകുന്നത് തടയാൻ സംവിധാനം

ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും അന്യ സംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടു പോകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly